"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഡി.സി1/95/2021/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്
തിരുവനന്തപുരം,
തീയതി: 29/07/2021

## സർക്കുലർ

വിഷയം:- കോവിഡ് 19 - തീവ്രവ്യാപനം പ്രതിരോധിക്കുന്നതിൽ നോഡൽ ഓഫീസർമാരുടെ സേവനം ഉറപ്പാക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. 29.04.2021 -ലെ സ .ഉ (സാധാ) 932/2021/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

2. 21.06.2021 -ലെ സ .ഉ (സാധാ) 1180/2021/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

3.. 02.07.2021 -ലെ സ .ഉ (സാധാ) 1252 /2021/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

4.. 24.07.2021-ലെ കോവിഡ് വാർ റൂം ഓൺലൈൻ യോഗ തീരുമാനം നം.4

**********************

കോവിഡ് 19 ന്റെ തീവ്രവ്യാപനം പ്രതിരോധിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി യോഗ്യരായ ഉദ്യോഗസ്ഥരെ നോഡൽ ഓഫീസർമാരായി നിയമിക്കുന്നതിന് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു.

തുടർന്ന്, കോവിഡ് 19 വ്യാപനത്തിൽ കുറവ് വന്ന സാഹചര്യത്തിൽ, ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ടി.പി.ആർ. 20 ശതമാനത്തിൽ താഴെയുള്ള തദ്ദേശ സ്ഥാപനങ്ങളിലെ നോഡൽ ഓഫീസർമാരെ പ്രസ്തുത ചുമതലയിൽ നിന്ന് വിടുതൽ ചെയ്ത് പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

എന്നാൽ സർക്കാർ തുടർന്നുള്ള സാഹചര്യം വിലയിരുത്തുകയും, നോഡൽ ഓഫീസർമാരെ 'ഡി' വിഭാഗത്തിൽ (ടി പി ആർ 18 ശതമാനത്തിനു മുകളിൽ) വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുനർ വിന്യസിക്കുന്നതിനും മറ്റിടങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥന്റെ അധിക ചുമതല നൽകി സേവനം ലഭ്യമാക്കാനും തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 3 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി.

എന്നാൽ ഇപ്പോഴും കോവിഡ് 19 വ്യാധിക്ക് ശമനമില്ലാത്ത സാഹചര്യത്തിൽ പരാമർശം 4 ലെ യോഗം സ്ഥിതിഗതികൾ വിലയിരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ, പരാമർശം 3 ലെ ഉത്തരവിൽ നിർദ്ദേശിച്ചതു പ്രകാരം ടി പി ആർ 10 ശതമാനത്തിനു മുകളിൽ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നോഡൽ ഓഫീസർമാർ അധിക ചുമതലയിൽ ജോലിക്ക് തിരികെ എത്തിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുവാൻ ഡെപ്യൂട്ടി പഞ്ചായത്ത് ഡയറക്ടർമാർ, റീജിയണൽ ജോയിന്റ് ഡയറക്ടർമാർ, മിഷൻ മേധാവികൾ എന്നിവർക്ക് ഒരിക്കൽകൂടി നിർദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആർ .എസ് .കണ്ണൻ
സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും (ശുചിത്വ മിഷൻ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടിവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ. / ജി&എസ്എസ്എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

Ravi kumar

സെക്ഷൻ ഓഫീസർ.

പകർപ്പ്

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.യ്ക്ക്